ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഫ്രാൻസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കയിലേക്ക് യാത്ര തിരിച്ചു.

   Prime Minister Narendra Modi has concluded a successful visit to France and departed for the United States.

2. രാജ്യത്തെ ടെക്സ്റ്റൈൽ വ്യവസായത്തിന്റെ മൂല്യം 350 ബില്യൺ ഡോളറായി ഉയർത്തുകയാണ് കേന്ദ്രസർക്കാരിന്റെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ്. ഭാരത് ടെക്സ് 2025 ന് ഉത്തർപ്രദേശിൽ തുടക്കമായി.

   Minister of Textile, Giriraj Singh said, our goal is to grow textile market to 350 billion dollars. Bharat TEX 2025 began at uttarpradesh

3. 2025-26 ലെ സംസ്ഥാന ബജറ്റിന്മേലുള്ള പൊതുചർച്ച കേരള നിയമസഭയിൽ പൂർത്തിയായി. കിഫ്ബി റോഡുകൾക്ക് യൂസർ ഫീ ഏർപ്പെടുത്തുന്ന കാര്യം സർക്കാരിൻറെ പരിഗണനയിലെന്ന് മുഖ്യമന്ത്രി നിയമസഭയിൽ.

   The general debate on the state budget for 2025-26 has been completed in the Kerala Assembly. The chief minister said in the assembly that the government is considering to impose user fee for KIIFB roads.

4. **മഹാകുംഭ മേളയിലെ പ്രധാന ചടങ്ങായ മാഘ പൂർണിമ സ്നാനത്തിൽ പങ്കെടുത്തത് ഒരു കോടി 59 ലക്ഷത്തിലധികം പേർ. കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു.**

   **Over one crore 59 lakh devotees take holy dip at Sangam on Magh Purnima. The Sabarimala temple opened for the Kumbha masa pujas.**

5. **അഹമ്മദാബാദ് ഏകദിനത്തിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന് 357 റൺ വിജയലക്ഷ്യം. രഞ്ജി ട്രോഫിയിൽ ആറ് വർഷങ്ങൾക്ക് ശേഷം കേരളം സെമി ഫൈനലിൽ.**

   **In Ahmedabad ODI India set a target of 357 runs against England. After six years, Kerala reached the semi-finals of the Ranji Trophy.**

**&&&&&&&&&&&&&&&&&&**

## PM-MARSEILLE

ഫ്രാൻസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കയിലേക്ക് യാത്ര തിരിച്ചു. വിമാനത്താവളത്തിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ അദ്ദേഹത്തെ യാത്രയാക്കി. ഫ്രഞ്ച് നഗരമായ മാർസെയിലെ ആദ്യ ഇന്ത്യൻ കോൺസുലേറ്റ്, പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോയും സംയുക്തമായി ഉദ്ഘാടനം ചെയ്തു. ലോക മഹായുദ്ധങ്ങളിൽ വീര മൃത്യു വരിച്ച 1,700-ലധികം സൈനികരുടെ അന്ത്യവിശ്രമ സ്ഥലത്ത് ഇരുവരും ആദരാഞ്ജലി അർപ്പിച്ചു.

ഇന്റർനാഷണൽ തെർമോ ന്യൂക്ലിയർ എക്സ്പിരിമെന്റൽ റിയാക്ടർ പദ്ധതിയും ഇരു നേതാക്കളും സന്ദർശിച്ചു.

&&&&&&&&&&&&&&&&&&

## MEA BRIEFING-INTRO

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോനും ആഗോള, പ്രാദേശിക പ്രാധാന്യമുള്ള നിരവധി വിഷയങ്ങൾ ചർച്ച ചെയ്തതായി വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി. യൂറോപ്പ്, പശ്ചിമേഷ്യ, ഇന്തോ-പസഫിക് മേഖലകളിലെ സമീപകാല സംഭവ വികാസങ്ങളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തതായും മാർസെയിൽ മാധ്യമങ്ങളോട് അദ്ദേഹം പറഞ്ഞു.

(വോയിസ്)

സാങ്കേതികവിദ്യ, നവീകരണം, സ്റ്റാർട്ടപ്പുകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന അടുത്ത വർഷം , ഇന്ത്യ-ഫ്രാൻസ് നവീകരണ വർഷമായി ആചരിക്കാൻ ഇരുപക്ഷവും സമ്മതിച്ചതായും ശ്രീ വിക്രം മിശ്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## VP-MALDIVES DELEGATION

മാലിദ്വീപിൽ നിന്നുള്ള പാർലമെൻററി പ്രതിനിധി സംഘം ന്യൂഡൽഹിയിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറിനെ

സന്ദർശിച്ചു. കൂടിക്കാഴ്ചയിൽ ഇന്ത്യ- മാലിദ്വീപ് ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&

## UNION BUDGET- SONOWAL

2029 ഓടെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ മാറുമെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ . 2025-26 ലെ കേന്ദ്ര ബജറ്റിനെക്കുറിച്ച് അഗർത്തലയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നരേന്ദ്ര മോദി സർക്കാർ സ്വീകരിച്ച നയങ്ങളും പരിപാടികളും രാജ്യത്തെ ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക നിലവാരം ഉയർത്തിയെന്നും, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ വികസന പാതയിലാണെന്നും ശ്രീ സോനോവാൾ പറഞ്ഞു .

&&&&&&&&&&&&&&&&&&

## GIRIRAJ – BHARAT TEX LAUNCH

രാജ്യത്തെ ടെക്സ്റ്റൈൽ വ്യവസായത്തിന്റെ മൂല്യം 350 ബില്യൺ ഡോളറായി ഉയർത്തുകയാണ് കേന്ദ്രസർക്കാരിന്റെ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി ഗിരിരാജ് സിംഗ്. ഗ്രേറ്റർ നോയിഡയിൽ ആരംഭിച്ച രാജ്യത്തെ ഏറ്റവും വലിയ ആഗോള ടെക്സ്റ്റൈൽ ഇവന്റായ ഭാരത് ടെക്സ് 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പരിപാടിയുടെ

രണ്ടാം ഘട്ടം മറ്റെന്നാൾ മുതൽ 17 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും.

&&&&&&&&&&&&&&&&&&

## PURI-INDIA ENERGY WEEK-INTRO

2050 ഓടെ ആഗോള ഊർജ്ജ ഉപഭോഗത്തിൽ ഇന്ത്യയുടെ പങ്ക് ഇരട്ടിയാകുമെന്ന് കേന്ദ്ര മന്ത്രി ഹർദീപ് സിങ് പുരി. 21-ാം നൂറ്റാണ്ടിന്റെ വിധി നിർണയിക്കുന്നതിൽ ഒരു പുതിയ ഊർജ്ജ ക്രമം രൂപപ്പെടുത്തുക സുപ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു. പ്രധാൻമന്ത്രി ഉജ്ജ്വല യോജന പദ്ധതിയുടെ പ്രയോജനം രാജ്യത്തെ 10 കോടിയിലധികം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്നും ശ്രീ ഹർദീപ് സിംഗ് പുരി അറിയിച്ചു.

(വോയിസ്)

&&&&&&&&&&&&&&&&&&

## COST GUARD-CELEBERATION

കോസ്റ്റ് ഗാർഡ് സ്ഥാപക ദിന ആഘോഷങ്ങളുടെ ഭാഗമായി, വിഴിഞ്ഞം കോസ്റ്റ് ഗാർഡ് സ്റ്റേഷൻ്റെ ആഭിമുഖ്യത്തിൽ "കടലിൽ ഒരു ദിനം" എന്ന പരിപാടി തിരുവനന്തപുരം വിഴിഞ്ഞത്ത് സംഘടിപ്പിച്ചു. അനഗ്, ഊർജ ശ്രോത, സി-441, സി-427 എന്നീ നാല് കോസ്റ്റ് ഗാർഡ് കപ്പലുകളിലെ യാത്ര തുറമുഖത്ത് നിന്ന് 10 നോട്ടിക്കൽ മൈൽ അകലെ വരെയായിരുന്നു. മുതിർന്ന സൈനിക

ഉദ്യോഗസ്ഥരും മാധ്യമപ്രവർത്തകരും യാത്രയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**BUDGET**

2025-26 ലെ സംസ്ഥാന ബജറ്റിന്മേലുള്ള പൊതു ചർച്ച കേരള നിയമസഭയിൽ പൂർത്തിയായി. സംസ്ഥാനത്ത് സമഗ്ര വികസനം കൊണ്ടുവരാനാണ് ബജറ്റ് ലക്ഷ്യമിടുന്നതെന്ന് ചർച്ചയ്ക്ക് മറുപടി നൽകിയ ധനമന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ട അനുകൂല്യത്തിന്റെ പകുതിയിൽ താഴെയാണ് നിലവിൽ സംസ്ഥാനത്തിന് ലഭിക്കുന്നത്. ഈ പരിമിതികൾക്ക് ഇടയിലും ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കാനാണ് സംസ്ഥാന സർക്കാരിൻറെ ശ്രമമെന്നും ധനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**KIFBI-INTRO**

കിഫ്ബി റോഡുകൾക്ക് യൂസർ ഫീ ഏർപ്പെടുത്തുന്ന കാര്യം സർക്കാരിൻറെ പരിഗണനയിലാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. യൂസർ ഫീയിൽ നിന്നും ലഭിക്കുന്ന വരുമാനം കൊണ്ട് കിഫ്ബിയുടെ വായ്പകൾ തിരിച്ചടയ്ക്കാനുള്ള സാധ്യതകളാണ് സർക്കാർ പരിഗണിക്കുന്നതെന്ന് അദ്ദേഹം അറിയിച്ചു. കിഫ്ബിയുമായി ബന്ധപ്പെട്ട്

പ്രതിപക്ഷ നേതാവ് ഉന്നയിച്ച വിമർശനങ്ങൾക്ക് നിയമസഭയിൽ മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

**VEENA GEORGE**

സംസ്ഥാനത്തെ മൂന്ന് ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ആര്യങ്കാവ് കുടുംബാരോഗ്യ കേന്ദ്രം പുതുതായി അംഗീകാരം നേടിയതായും, ഗുരുവായൂർ, കൽപ്പറ്റ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പുന:അംഗീകാരം നേടിയെടുത്ത തെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**WAYANAD HARTHAL**

വയനാട് ജില്ലയിൽ തുടർച്ചയായുണ്ടാകുന്ന വന്യജീവി ആക്രമണത്തിൽ പ്രതിഷേധിച്ച് യുഡിഎഫ് നാളെ ഹർത്താലിന് ആഹ്വാനം ചെയ്തു. അവശ്യ സർവീസുകൾ, പരീക്ഷ, വിവാഹം, പള്ളിക്കുന്ന് തിരുനാൾ എന്നിവയെ ഹർത്താലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## MAHAKUMB - HOLY DIP

പ്രയാഗ് രാജിൽ നടക്കുന്ന മഹാകുംഭ മേളയിലെ പ്രധാന ചടങ്ങായ മാഘ പൂർണിമ സ്നാനത്തിൽ ഇന്ന് ഉച്ചവരെ ഒരു കോടി 59 ലക്ഷത്തിലധികം പേർ പങ്കെടുത്തു. രാവിലെ മാത്രം ഒരു കോടി 30 ലക്ഷത്തിലധികം പേരാണ് പുണ്യ സ്നാനം നടത്തിയത്. മാഘ പൂർണിമയോട് അനുബന്ധിച്ച് വിപുലമായ ഗതാഗത ക്രമീകരണങ്ങളും സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തവണ കുംഭമേളയിൽ 47.55 കോടി പേരാണ് പുണ്യ സ്നാനം നടത്തിയത്.

&&&&&&&&&&&&&&&&&&

## SABARIMALA

കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു. തന്ത്രി കണ്ഠര് രാജീവരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നമ്പൂതിരി നട തുറന്ന് ദീപം തെളിയിച്ചു. കുംഭ മാസപൂജകൾ പൂർത്തിയാക്കി ഈ മാസം 17 ന് നട അടയ്ക്കും.

&&&&&&&&&&&&&&&&&&

## NATION GAMES

38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് വീണ്ടും സ്വർണം. 4 ബൈ 400 മീറ്റർ മിക്സഡ് റിലേയിലാണ് കേരളത്തിൻറെ സുവർണ നേട്ടം. വനിതകളുടെ ജൂഡോ 78 കിലോ വിഭാഗത്തിൽ കേരളത്തിൻറെ അശ്വതി പി ആർ വെള്ളി മെഡൽ നേടി. പോയിൻറ് പട്ടികയിൽ കേരളം 12-ാം

സ്ഥാനത്താണ്. ദേശീയ ഗെയിംസിൽ നിലവിൽ സർവീസസ് ഒന്നാമതും, മഹാരാഷ്ട്രയും, കർണാടകയും രണ്ടും മൂന്നും സ്ഥാനങ്ങളിലാണ്.

&&&&&&&&&&&&&&&&&&

## RANJI TROPHY

രഞ്ജി ട്രോഫിയിൽ കേരളം സെമിഫൈനലിൽ കടന്നു. ക്വാർട്ടർ ഫൈനലിൽ ജമ്മു കാശ്മീരിനെതിരെ സമനില നേടിയാണ് കേരളത്തിന്റെ സെമിപ്രവേശം. 399 വിജയ ലക്ഷ്യവുമായി നാലാം ദിവസം രണ്ടാം ഇന്നിംഗ്സ് തുടങ്ങിയ കേരളം നിശ്ചിത ഓവർ കഴിഞ്ഞപ്പോൾ 6 വിക്കറ്റിന് 295 എന്ന നിലയിലാണ് കളി അവസാനിപ്പിച്ചത്. ഇതോടെ മത്സരം സമനിലയിൽ പിരിഞ്ഞു. എന്നാൽ ഒന്നാം ഇന്നിംഗ്സിൽ നേടിയ ഒരു റൺ ലീഡിൻറെ പിൻബലത്തിൽ കേരളം സെമി ഉറപ്പാക്കുകയായിരുന്നു. ആറു വർഷങ്ങൾക്ക് ശേഷമാണ് രഞ്ജി ട്രോഫിയിൽ കേരളം സെമിയിൽ കടക്കുന്നത്. ഈ മാസം 17ന് തുടങ്ങുന്ന സെമിയിൽ ഗുജറാത്താണ് കേരളത്തിൻറെ എതിരാളി.

&&&&&&&&&&&&&&&&&&

## IND VS ENGLAND ODI

അഹമ്മദാബാദ് ഏകദിനത്തിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന് 357 റൺ വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, നിശ്ചിത 50 ഓവറിൽ 10 വിക്കറ്റ് നഷ്ടത്തിൽ 356 റൺസെടുത്തു. ഇന്ത്യയ്ക്കായി ശുഭ്മാൻ ഗിൽ

സെഞ്ചുറി നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ഇംഗ്ലണ്ട് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 18 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 126 റൺസ് എന്ന നിലയിലാണ് .

&&&&&&&&&&&&&&&&&&

**ISL**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി എഫ്സി ഗോവയെ നേരിടുന്നു. മുംബൈ ഫുട്ബോൾ അരീനയിലാണ് മത്സരം.

&&&&&&&&&&&&&&&&&&

**SENSEX**

രാജ്യത്തെ ഓഹരി വിപണികളിൽ ഇന്നും ഇടിവ്. സെൻസെക്സ് **123** പോയിൻറ് ഇടിഞ്ഞ് 76,171 ലും, നിഫ്റ്റി **27** പോയിൻറ് നഷ്ടത്തിൽ 23,045 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവില കുറഞ്ഞു. പവന് **560** രൂപ കുറഞ്ഞ് **63,520** രൂപയും, ഗ്രാമിന് **7,940** രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&